(ബി) പ്രസ്തുത യോഗത്തിൽ ഏതെല്ലാം പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് തീരുമാനിച്ചിരുന്നത്;

(സി) സംസ്ഥാനത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് കേന്ദ്രത്തിൽ നിവേദനങ്ങൾ എന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്രത്തിൽ നിവേദനങ്ങൾ സമർപ്പിക്കുന്നതിനു മുമ്പ് സംസ്ഥാനത്തെ എം. പി.-മാരുടെ അഭിപ്രായം ആരാഞ്ഞിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) ഏറ്റവും ഒടുവിൽ, അതായത് 2-7-2004-ൽ കൂടിയ എം. പി.-മാരുടെ യോഗത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ച പ്രധാന വിഷയങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി ആന്റ് ഡി) ഉണ്ട്. സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി തന്നെ പ്രധാനമന്ത്രിക്കും ധനകാര്യം, റെയിൽവേ, കൃഷി, ഊർജ്ജം, വ്യവസായ-വാണിജ്യം ഉൾപ്പെടെയുള്ള കേന്ദ്ര മന്ത്രിമാർക്കും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എം. പി.-മാരുടെ യോഗം ചേർന്നത് നിവേദനങ്ങൾ സമർപ്പിച്ചതിനു ശേഷമാണ്.

സെക്കന്ററി ഹെൽത്ത് സ്കീം പ്രോജക്ട്

*5 [385] ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സെക്കന്ററി ഹെൽത്ത് സ്കീം പ്രോജക്ടിന് ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം വ്യവസ്ഥകളാണ് ലോകബാങ്ക് വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) വ്യവസ്ഥകൾ അംഗീകരിച്ചാൽ മാത്രമേ പദ്ധതികൾക്ക് അംഗീകാരം നൽകുകയുള്ളൂവെന്ന ലോകബാങ്ക് പ്രതിനിധിയുടെ പ്രസ്താവന ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ലോകബാങ്കിന്റെ വ്യവസ്ഥകൾ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഈ പദ്ധതി നടപ്പിലാക്കാൻ എത്ര തുകയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് "കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റം ഡെവലപ്പ്മെന്റ് പ്രോജക്ട്" എന്ന പദ്ധതിയാണ്. പ്രസ്തുത പദ്ധതി ലോകബാങ്കിന്റെ സജീവ പരിഗണനയിലാണ്.

(ബി) ലോകബാങ്കുമായി ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. വ്യവസ്ഥകൾ സംബന്ധിച്ച് അന്തിമ രൂപമായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വ്യവസ്ഥകൾ സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. അന്തിമ തീരുമാനമായിട്ടില്ല. 810.468 കോടി രൂപയുടെ പദ്ധതിയാണ് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളത്.

മോർച്ചറികൾ ആധുനികവൽക്കരിക്കാൻ നടപടി

*6 [386] ശ്രീ. ജോർജ്ജ് ജെ. മാത്യു:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പണി തീർന്നിട്ടുള്ള എത്ര മോർച്ചറി കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യാതെയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിക്കുവേണ്ടി പണിത മോർച്ചറി കെട്ടിടത്തിന്റെ പണി എന്ന് പൂർത്തിയായി എന്ന് അറിയിക്കുമോ;

(സി) ഇവിടെ ആധുനിക സജ്ജീകരണങ്ങളും എംബാമിംഗും ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അവ ഏർപ്പെടുത്തിയോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കെട്ടിടത്തിൽ മൃതദേഹങ്ങൾ സൂക്ഷിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഉണ്ടോ;

(ഇ) ഈ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് ആശുപത്രി വികസന ഫണ്ടിൽ നിന്നാണോ എന്ന് വെളിപ്പെടുത്താമോ; എങ്കിൽ എന്തു തുക വരും എന്ന് അറിയിക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പണി പൂർത്തിയായി, ഉദ്ഘാടനം ചെയ്യപ്പെടാത്ത മോർച്ചറി കെട്ടിടങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly